## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 260** — **07. 11.2019 -ൽ മറുപടിയ്ക്ക്**

## സാങ്കേതിക പദാവലി വിപുലീകരിക്കുന്ന നടപടി

ചോദ്യം

**ശ്രീ.ടി.എ.അഹമ്മദ് കബീർ**
**ശ്രീ. അബ്ദുൽ ഹമീദ് പി.**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. സി.മമ്മൂട്ടി**

**ഉത്തരം**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | എല്ലാ തസ്തികകളിലേക്കുമുള്ള പി.എസ്.സി. പരീക്ഷകളുടെ ചോദ്യപേപ്പറുകൾ മലയാളത്തിൽ കൂടി നൽകുന്നതിന് തീരുമാനിച്ച സാഹചര്യത്തിൽ വിവിധ വിഷയങ്ങളിലെ സാങ്കേതിക പദാവലി വിപുലീകരിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; | എ) | ഹയർ സെക്കന്ററി മേഖലയിലെ വിവിധ വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത പാഠപുസ്തകങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക പദങ്ങളുടെ മലയാള പരിഭാഷ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. |
| ബി) | ഇതിനായി എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | ബി) | സ്കൂൾപാഠപുസ്തകങ്ങൾ പരിഭാഷപ്പെടുത്തുന്നതിനും മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ സൗകര്യമാക്കുന്നതിനും വേണ്ടിയാണ് എസ്.സി.ഇ.ആർ.ടി സാങ്കേതിക പദാവലി തയ്യാറാക്കിയിട്ടുള്ളത്.എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഇത് തയ്യാറാക്കിവരുന്നത്. |
| സി) | സാങ്കേതിക പദാവലി തയ്യാറാക്കുമ്പോൾ മലയാള ഭാഷയുടെ ലാളിത്യവും തനിമയും നിലനിർത്തുവാൻ ശ്രദ്ധിക്കണമെന്ന് എസ്.സി.ഇ.ആർ.ടിക്ക് നിർദ്ദേശം നൽകുമോ; അറിയിക്കുമോ? | സി) | മലയാള ഭാഷയുടെ ലാളിത്യവും തനിമയും പരമാവധി നിലനിർത്തിക്കൊണ്ടാണ് എസ്.സി.ഇ.ആർ.ടി ഇത് തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ